"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ.അജയ് രാജ്.എസ്-ന്റെ കൊല്ലം കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1428/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-

1. സ.ഉ(കൈ) നം42/2007/തസ്വഭവ തീയതി 09.02.2007
2. സ.ഉ(സാധാ) നം1506/2022/തസ്വഭവ തീയതി 22.06.2022
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 05.07.2023 ലെ LSGD/PD/44097/2023-DEA6 നമ്പർ കത്ത്
4. ശ്രീ.അജയ് രാജ്.എസ്-ന്റെ 19.06.2023 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് സീനിയർ സെക്രട്ടറിയായിരുന്ന ശ്രീ.അജയ് രാജ് എസ് നെ സൂചന 2 ലെ ഉത്തരവ് പ്രകാരം കൊല്ലം കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയില് അന്യത്ര സേവന വ്യവസ്ഥയില് നിയമിച്ചിരുന്നു. 08.07.2022 ൽ പേഴ്സണൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീ.അജയ് രാജ്.എസ്-ന്റെ അന്യത്ര സേവന കാലാവധി 08.07.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ടിയാന്റെ അപേക്ഷ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് നിരാക്ഷേപ സാക്ഷ്യപത്രം സഹിതം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് രാജ്.എസ്- ന്റെ അന്യത്ര സേവന കാലാവധി നിലവിലുള്ള അന്യത്ര സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 22.06.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള

ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

മേയർ, കൊല്ലം കോർപ്പറേഷൻ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ.അജയ് രാജ് എസ്, പി.എ ടു മേയർ,കൊല്ലം കോർപ്പറേഷൻ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-07-2023 12:05:11
സെക്ഷൻ ഓഫീസർ